രക്ഷയുടെ പാതയിൽ-4



4

# ജീവന്റെ നീർച്ചാലുകൾ


**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

പാഠം 6

# വി. കുർബാന ജീവൻ നൽകുന്നബലി



ദൈവത്തിന്റെ കല്പന അനുസരിച്ച് അബ്രാഹം പുത്രനെ ബലികഴിക്കാൻ ഒരുങ്ങി. അപ്പോൾ അബ്രാഹത്തിൽ ദൈവം സംപ്രീതനായി. മകനെ ബലിയർപ്പിക്കുന്നതിൽനിന്ന് അവനെ തടഞ്ഞു. പകരം സമീപത്തെ മുൾച്ചെടികളിൽ കൊമ്പുടക്കി കിടന്നിരുന്ന ഒരു മുട്ടാടിനെ അബ്രാഹം ബലിയർപ്പിച്ചു. ആ ബലി സ്വീകരിച്ചുകൊ് ദൈവം സമൃദ്ധമായി അനുഗ്രഹിച്ചു (ഉൽപത്തി 22:1-18).




എല്ലാ ജീവികളുടെയും ജീവൻ രക്തത്തിലാണെന്ന് യഹൂദർ വിശ്വസിച്ചിരുന്നു. അതുകൊ് ബലിയിലൂടെ രക്തം ദൈവത്തിനു സമർപ്പിക്കുന്നത് ജീവൻ സമർപ്പിക്കുന്നതിനു തുല്യമാണെന്ന് അവർ കരുതി (ലേവ്യർ 17:11).

എന്നാൽ പഴയനിയമബലികൾ ഈ ഉദ്ദേശ്യങ്ങളെല്ലാം പൂർണ്ണമായി സാധിക്കാൻ പര്യാപ്തമായിരുന്നില്ല. 'കാരണം, കാളകളുടെയും കോലാടുകളുടെയും രക്തത്തിന് പാപങ്ങൾ നീക്കിക്കളയാൻ സാധിക്കുകയില്ല' (ഹോബ്രാ 10:4).

തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം

ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16).



കുരിശിലെ ബലിയിലൂടെ ജീവൻ അർപ്പിച്ചുകൊ് പിതാവിനോടുള്ള പൂർണ്ണവിധേയത്വം അവിടുന്നു പ്രകടമാക്കി.

മരണം വരെ-അതേ കുരിശുമരണംവരെ-അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി (ഫിലി 2:8).

ഇതെന്റെ ശരീരമാകുന്നു. നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ. നിങ്ങളെല്ലാവരും ഇതിൽനിന്ന് പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കുവേ ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്. നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ എന്റെ ഓർമ്മയ്ക്കായ് ഇത് ചെയ്യുവിൻ.





ഈശോയുടെ ഈ
കല്പനയനുസരിച്ചാണ്
നാം
വി.കുർബാനയാകുന്ന
ബലിഅർപ്പിക്കുന്നത്.
ഈശോയുടെ
ഈ കല്പന
വി. കുർബാനയുടെ
ആരംഭത്തിൽ നാം
അനുസ്മരിക്കുന്നത്.

കുർബാന എന്ന സുറിയാനി വാക്കിന്റെ
അർത്ഥംതന്നെ സമർപ്പണം എന്നാണ്.

അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കൽപ്പനപോൽ
തിരുനാമത്തിൽ ചേർന്നീടാം
ഒരുമയോടീബലിയർപ്പിക്കാം



നമ്മുടെ രക്ഷയ്ക്കുവോി തന്നെത്തന്നെ ബലിയർപ്പിച്ച ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയ്ക്കായി അവിടുത്തോടുചേർന്ന്. സഭ വൈദികന്റെ കരങ്ങളിലൂടെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ദൈവപിതാവിന് അർപ്പിക്കുന്ന ബലിയാണ് വിശുദ്ധ കുർബാന.



# ബലിയർപ്പണത്തിന്റെ ഫലങ്ങൾ

പാപമോചനം ലഭിക്കുന്നു

ദൈവികജീവൻ വളരുന്നു

ദൈവവുമായുള്ള ഐക്യം ശക്തിപ്പെടുന്നു

സഭയുടെ കൂട്ടായ്മയിൽ വളരുന്നു.

# നമുക്കു പാടാം



മിശിഹാകർത്താവിൻ തിരുമെയ്നിണവുമിതാ
പാവനബലിപീഠേ, സ്നേഹഭയങ്ങളോടണയുക നാം
അഖിലരുമൊന്നായ് സന്നിധിയിൽ
വാനവനിരയൊടുചേർന്നേവം
പാടാം ദൈവം പരിശുദ്ധൻ
പരിശുദ്ധൻ നിത്യം പരിശുദ്ധൻ.

# നമുക്കു പ്രാർത്ഥിക്കാം

ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വയം ജീവൻ അർപ്പിച്ച ഈശോയേ, അങ്ങയുടെ ഇഷ്ടമനുസരിച്ച് ജീവിക്കാനും സഹോദരങ്ങൾക്കുവേ ത്യാഗങ്ങൾ അനുഷ്ഠിക്കുവാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകണമേ.

നമുക്കു ഭക്തിപൂർവ്വം

ദൈവവചനം വായിക്കാം

(ഹെബ്രാ.10:5-10)



# ഓർമ്മിക്കാൻ ഒരു തിരുവചനം

പുസ്തകത്തിന്റെ ആരംഭത്തിൽ എന്നെക്കുറിച്ച്
എഴുതിയിരിക്കുന്നതുപോലെ, ഞാൻ പറഞ്ഞു:
ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ
ഇതാ, ഞാൻ വന്നിരിക്കുന്നു

(ഹെബ്രാ 10:7).

# എന്റെ തീരുമാനം

കുരിശിൽ നമുക്കുവേ ജീവൻ ബലിയർപ്പിച്ച ഈശോയെപ്പോലെ
ഞാനും മറ്റുള്ളവർക്കുവേ ത്യാഗങ്ങൾ ചെയ്യും.
(വിട്ടിൽ, സ്കൂളിൽ,ദൈവാലയത്തിൽ, സമൂഹത്തിൽ)

ഞാൻ വീട്ടിലെ ജോലികളിൽ സഹായിക്കും

ഞാൻ സ്കൂളിൽ ......................................................................................

ഞാൻ ദൈവാലയത്തിൽ ..................................................................

ഞാൻ സമൂഹത്തിൽ .............................................................................



# നമുക്കു ആടാം പാടാം

ദൈവത്തിൻ കൽപന പാലിച്ചീടാൻ
തന്നേകജാതനെ ബലിയേകുവാൻ
ഹൃത്തടം വിങ്ങുന്ന വേദനയാൽ
മോറിയാ മലകേറി അബ്രാഹവും
അബ്രാമിന്നാഴമാം വിശ്വാസത്തിൽ
പ്രീതനായ് ദൈവമനുഗ്രഹിച്ചു
മാനവ പാപം പരിഹരിക്കാൻ
കാൽവരിക്കുന്നിൽ ബലിയാകുവാൻ
തന്നേകജാതനെ ഭൂവിനേകി
മർത്യരാം നമ്മെയനുഗ്രഹിച്ചു.

Thank you